## സ്ഥാപനത്തിന്റെ വിശദീകരണം കേട്ടില്ലെന്ന കാരണത്താൽ ഇ.എസ്.ഐ. കവറേജ് റദ്ദാക്കാനാവില്ല

### ബോംബെ ഹൈക്കോടതി

F.A. No. 1428/2017 Dt. 5.2.2019

രമേഷ് ചന്ദ്ര മദൻലാൽ അഗ്രവാൾ

x

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

തേക്ദിവാൾ ഉദ്യോഗ് എന്ന പേരിൽ പൾസ് മിൽ നടത്തുന്നയാളാണ് തൊഴിലുടമ. സ്ഥാപനത്തിൽ പത്ത് പേർ ജോലി ചെയ്യുന്നുണ്ട്. 2009 മെയ് 7–ാം തീയതി ഇ.എസ്.ഐ. ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ പരിശോധന നടത്തി. അപ്പോൾ തൊഴിലുടമയുടെ മരുമകനാണ് സ്ഥാപനത്തിലുണ്ടായിരുന്നത്. ഉദ്യോഗസ്ഥൻ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി. സ്ഥാപനത്തിൽ പത്ത് പേർ ജോലി ചെയ്യുന്നതായി കാണപ്പെട്ടുവെന്ന് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി. പരിശോധനാ റിപ്പോർട്ടിൽ തൊഴിലുടമയുടെ മരുമകൻ ഒപ്പിട്ടു. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. അധികൃതർ സ്ഥാപനത്തിന് നോട്ടീസ് നല്കി. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന വിവരമാണ് നോട്ടീസ് വഴി അറിയിച്ചത്. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. പരിശോധനാ റിപ്പോർട്ടിൽ തൊഴിലാളികളുടെ പേരുകൾ മുഴുവനായി നല്കിയിട്ടില്ലെന്നും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്നും തങ്ങൾക്ക് ബോധിപ്പിക്കാനുള്ളത് കേൾക്കാതെയാണ് റിപ്പോർട്ട് തയ്യാറാക്കുകയും ഇ.എസ്.ഐ. നിയമം ബാധകമാക്കിക്കൊണ്ടുള്ള നോട്ടീസ് നല്കുകയും ചെയ്തതെന്നും തൊഴിലുടമ വാദിച്ചു. പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുമ്പോഴും അതിന്റെ അടിസ്ഥാനത്തിൽ നോട്ടീസയക്കുമ്പോഴും തൊഴിലുടമയുടെ വിശദീകരണം കേൾക്കണമെന്ന് നിർബ്ബന്ധമില്ലെന്ന് വിലയിരുത്തിയ എംപ്ലോയീസ് ഇൻഷുറൻസ് കോടതി തൊഴിലുടമയുടെ ഹർജി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. പരിശോധനാ റിപ്പോർട്ടിൽ തൊഴിലാളിയുടെ വിശദാംശങ്ങൾ അപൂർണ്ണമാണെന്ന കാരണത്താലോ തൊഴിലുടമയുടെ വിശദീകണം കേട്ടില്ലെന്ന കാരണത്താലോ ഇ.എസ്.ഐ. കവറേജ് റദ്ദാക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. സ്ഥാപനത്തിൽ പത്ത് തൊഴിലാളികൾ ജോലി ചെയ്യുന്നില്ല എന്ന് തെളിയിക്കാൻ തൊഴിലുടമയ്ക്ക് സാധിച്ചിട്ടില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് അറിയിച്ചതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും തൊഴിലുടമയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.